# ഓടിത്തുടങ്ങും മുമ്പേ കിതച്ച് നീര

## എക്സൈസ് നീരയുടെ വഴി മുടക്കുന്നു

ടോം ജോർജ്

നീരയുടെ കാര്യത്തിൽ ഭയപ്പെട്ടിരുന്നതു തന്നെ സംഭവിക്കുന്നു. തെങ്ങിൻ പൂക്കുലയിൽ നിന്ന് ചെത്തിയെടുക്കുന്ന നീര, ഓട്ടം തുടങ്ങും മുമ്പേ കിതയ്ക്കുകയാണ്. ഉത്പാദനത്തിന് അനുമതി നൽകേണ്ടവർ തന്നെ ആരാച്ചാരന്മാരാകുന്ന സ്ഥിതിയിലാണ് ഈ ആരോഗ്യപാനീയത്തിന്റെ ഭാവി.

മാർച്ച് രണ്ടിന് കോട്ടയത്തു നടന്ന നീരയുടെയും അനുബന്ധ ഉത്പന്നങ്ങളുടെയും വിപണന ഉദ്ഘാടന വേദിയിൽ നൽകിയതൊഴിച്ചാൽ പിന്നീട് ഒരു ലൈസൻസു പോലും നൽകപ്പെട്ടിട്ടില്ല. നാളികേര വികസനബോർഡിന്റെ 16 ഫെഡറേഷനുകൾക്കാണ് അന്ന് ലൈസൻസ് നൽകിയത്. ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന 173 ഫെഡറേഷനുകൾക്ക് ലൈസൻസ് നൽകാനുള്ള കാര്യത്തിൽ ഇതുവരെ പ്രായോഗിക നടപടി ഒന്നുമായിട്ടില്ല. ലൈസൻസ് നൽകിയവർക്ക് നീര ഉത്പാദിപ്പിക്കണമെങ്കിൽ എക്സൈസ് ഇൻസ്പെക്ടറിൽ കുറയാത്ത റാങ്കുള്ള ഉദ്യോഗസ്ഥൻ തെങ്ങുകൾക്ക് നമ്പരിട്ട് നൽകണമെന്നാണ് കേരള നീര റൂൾസ് - 2014 ൽ പറയുന്നത്. ലൈസൻസ് കിട്ടിയ ഫെഡറേഷനുകൾക്കു കീഴിൽ വരുന്ന സ്ഥലങ്ങളിലെ തെങ്ങുകൾക്ക് നമ്പരിട്ടു നൽകാൻ എക്സൈസ് തയാറായിട്ടില്ല. നീര ലൈസൻസ് ലഭിക്കാനായി ഫെഡറേഷനുകൾ എക്സൈസ് ഡപ്യൂട്ടി കമ്മീഷണർക്കാണ് അപേക്ഷ നൽകേണ്ടത്. എല്ലാ ഫെഡറേഷനുകളും ഇവിടെ അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ നടപടിയൊന്നുമായിട്ടില്ല.

നീരയുത്പാദനത്തെക്കുറിച്ചുള്ള സർക്കാർ വിജ്ഞാപനത്തിൽ 1989ൽ പ്രവർത്തനം നിലച്ച നാളികേര വികസന കോർപ്പറേഷനുവരെ നീര ഉത്പാദിപ്പിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ടെന്നതാണ് വിരോധാഭാസം.

മദ്യവിൽപനക്കായി സർക്കാർ രൂപീകരിച്ച ബിവറേജസ് കോർപ്പറേഷനും, ലാഭം നോക്കിമാത്രം ഉത്പാദനം നടത്തിയേക്കാവുന്ന പഞ്ചസാര നിർമാതാക്കൾക്കും നീര ഉത്പാദിപ്പിക്കാൻ അനുമതി നൽകിയപ്പോൾ കേരകർഷകരെ വിലക്കിയതിലും ദുരൂഹത നിഴലിക്കുകയാണ്. ബിവറേജസ് കോർപ്പറേഷന് ഉത്പാദനത്തിനുള്ള അനുമതി നൽകുകയും എക്സൈസ് വകുപ്പിന് നിയന്ത്രണാധികാരം ലഭിക്കുകയും ചെയ്തതിലൂടെ ആൽക്കഹോളിന്റെ അംശം ലവലേശമില്ലാത്ത നീരയ്ക്ക് ഒരു ആൽക്കഹോൾ പരിവേഷം പൊതുജന മധ്യത്തിലുണ്ടായി.

നീരയിൽ നിന്നും ചക്കരപോലുള്ള മൂല്യവർധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനു പോലും ലൈസൻസ് നിർബന്ധമാക്കിയിരിക്കുന്നത് നീരയെയും അനുബന്ധ വ്യവസായങ്ങളെയും വളർത്തുന്നതിലുപരി തളർത്താനേ ഉപകരിക്കൂ എന്നു വ്യക്തമാണ്.

നീര ഉത്പാദനം വ്യാവസായികമായി നടത്തണമെങ്കിൽ പരിശീലനം സിദ്ധിച്ച നീര ടെക്നീഷന്മാർ ധാരാളം വേണം. ഇതിന് 15 മുതൽ 45 ദിവസം വരെ പരിശീലനം നൽകേണ്ടതുണ്ട്. വലിയ പണച്ചെലവുള്ള ഇത് നടത്തുന്നതിനും സർക്കാർ മുൻകൈയെടുക്കേണ്ടതുണ്ട്. ഇതെല്ലാം ഒരുപോലെ മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചെങ്കിലേ കേരളത്തിൽ നീരയ്ക്ക് ചുവടുറപ്പിക്കാൻ സാധിക്കൂ.

ഗവൺമെന്റ് ഉത്തരവു പ്രകാരം നീര ടെക്നീഷൻമാരും കള്ളുചെത്തുതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാകണം. കള്ളുമായി ഒരുബന്ധവുമില്ലാത്ത നീരയെ കള്ളായി ചിത്രീകരിക്കാനുള്ള ശ്രമങ്ങളാണ് ഇതിനെല്ലാം പിന്നിലെന്നാണ് കർഷകർ പറയുന്നത്.

പുരുക്കത്തിൽ രണ്ടുകാലും ബന്ധിച്ച ശേഷം ഓടാൻ അനുമതി നൽകിയ അവസ്ഥയിലാണ് നീര. ആൾക്കഹോളിന്റെ അംശം ഒട്ടുമില്ലാത്ത നീരയുത്പാദിപ്പിക്കാൻ ഇത്രയധികം നിബന്ധനകൾ വയ്ക്കുന്നതിനുപിന്നിൽ നീരയെ പൊതുവിപണിയിൽ ലഭ്യമാക്കാതിരിക്കുക എന്നതാണ് ലക്ഷ്യംവയ്ക്കുന്നതെന്ന് കർഷകർ ആക്ഷേപമുന്നയിച്ചാലും തെറ്റു പറയാനാവില്ല.

നീര, വിപണി കൈയടക്കിയാൽ നിലനിൽപു ഭീഷണിയിലാകുന്ന മറ്റു പാനീയങ്ങളുടെ നിർമാതാക്കളുടെ ചരടുവലികളും ഇതിനു പിന്നിലുണ്ടെന്ന സംശയത്തിലാണ് കേരകർഷകർ.

ടോഡി ബോർഡിനു കീഴിൽ നീരയെ തളയ്ക്കാതെ നീര ബോർഡും ക്ഷേമനിധിയും രൂപീകരിച്ച് നീരയെ സ്വതന്ത്രമാക്കുകയാണ് ഈ പാനീയം വിപണിയിൽ വേഗമെത്താൻ ചെയ്യാവുന്ന ഏറ്റവും എളുപ്പമുള്ള മാർഗം.

## നീരയും കള്ളും തമ്മിലുള്ള വ്യത്യാസം



തെങ്ങിന്റെ വിരിയാത്ത പൂങ്കുല ചെത്തുമ്പോൾ ഊറിവരുന്ന പോഷകസമൃദ്ധവും, മാധുര്യമേറിയതും ഒട്ടും മദ്യാംശം ഇല്ലാത്തതുമായ പാനീയമാണ് നീര.

നീരയിൽ ഗ്ലൈസിമിക് ഇൻഡെക്സ് 35 മാത്രമടങ്ങിയ പഞ്ചസാരയും പൂജ്യം ശതമാനം ആൽക്കഹോളുമാണുള്ളത്. അതേ സമയം നീരയെ അന്തരീക്ഷ ഊഷ്മാവിൽ വെച്ചിരുന്നാൽ തനിയെ പുളിച്ച് എട്ടു ശതമാനം വീര്യമുറ്റ മദ്യാംശം ഉള്ളതുമായ കള്ളായി മാറുന്നു. നീര പുളിച്ച് കള്ളായാൽ വിറ്റാമിനുകളും പ്രോട്ടീനും നഷ്ടപ്പെടുന്നു.

## നീരയുടെ ഔഷധ ഗുണങ്ങൾ



അമിനോ അമ്ലങ്ങളുടെയും, വിറ്റാമിൻ, കാൽസ്യം, ഇരുമ്പ് തുടങ്ങിയ ധാതുക്കളുടെയും മെച്ചപ്പെട്ട കലവറയാണ് നീരയിലുള്ളത്. കാർബോളിക് അമ്ലമായ ഫിനോളിന്റെ സാന്നിധ്യവും നീരയുടെ മാത്രം പ്രത്യേകതയാണ്.

മൂത്രതടസത്തിനും മഞ്ഞപ്പിത്തത്തിനും നീര ഔഷധമാണ്. ശരീരത്തിലെ പ്രോട്ടീൻ നിർമാണത്തിന് സഹായിക്കുന്ന ഗ്ലൂട്ടാമിക് ആസിഡ് എന്ന അമിനോ ആസിഡ് ഉയർന്ന അളവിൽ നീരയിൽ അടങ്ങിയിരിക്കുന്നു.

ഗ്ലൈസിമിക് ഇൻഡക്സ് 35 (GI-35) മാത്രമുള്ള നീര പ്രമേഹ രോഗികൾക്കും കുഞ്ഞുങ്ങൾക്കും ഗർഭിണികളായ അമ്മമാർക്കും ഒരുപോലെ ഗുണകരമായ ഹെൽത്ത് ടോണിക് ആണ്.

നീരയ്ക്ക് ഇളനീരിലുമേറെ ഗുണങ്ങളുള്ളതായി തെളിയിക്കപ്പെട്ടിട്ടുണ്ട്.

പ്രസവരക്ഷാ മരുന്നുകളിലും കുഞ്ഞുങ്ങൾക്ക് മധുരമായും മരുന്നായും പോഷകമായും തെങ്ങിൻ ചക്കര ഉപയോഗിക്കാം.

നേത്രരോഗങ്ങൾക്കും എക്സിമ തുടങ്ങിയ രോഗങ്ങളുടെ ചികിത്സയ്ക്കുമുപയോഗിക്കുന്ന ഇനോസിറ്റോൾ ധാരാളമായി നീരയിൽ അടങ്ങിയിരിക്കുന്നു. മറ്റു രാജ്യങ്ങളിലെല്ലാം നീര ഒരു ആരോഗ്യ പാനീയമായിട്ടാണ് ഉപയോഗപ്പെടുത്തുന്നത്.

അതിനു പുറമേ പാം ജാഗരി, പാം ഷുഗർ, ഐസ്ക്രീം, കേക്ക്, ബിസ്കറ്റ്, മിഠായി തുടങ്ങിയ നിരവധി ഉത്പന്നങ്ങളുടെ നിർമാണത്തിനുള്ള അസംസ്കൃത വസ്തുവായും നീര ഉപയോഗിക്കപ്പെടുന്നു.